മഞ്ചേരി ജില്ലാ ആശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

54 [153] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പണി പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർത്തിയായില്ല.

(ബി) കെട്ടിടംപണി പൊതുമരാമത്ത് വകുപ്പാണ് നടത്തുന്നത്. കൃത്യമായി എന്നത്തേക്ക് പണി പൂർത്തിയാക്കുമെന്ന് ഇപ്പോൾ അറിയിക്കുവാൻ നിർവ്വാഹമില്ല.

കാസർഗോഡ് താലൂക്കാശുപത്രി

55 [154] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന് എന്നാണ് പ്രത്യേക ഭരണാനുമതി നൽകിയത്;

(ബി) ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പുതുക്കിയ ഭരണാനുമതി ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27-3-1993-ൽ

(ബി) 400 ലക്ഷം രൂപ. 29-4-2005-ൽ.

(സി) ആശുപത്രി കെട്ടിടത്തിന്റെ പണി പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിക്കുന്നത്. കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് കൃത്യമായി പറയാൻ നിർവ്വാഹമില്ല.

GPM. 2/564/2012—14

LIBRARY ARCHIVES Kerala Legislative Assembly